# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2666** **06-02-2018-ൽ മറുപടിക്ക്**

## വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ ജോലി സമയം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ടി.വി. ഇബ്രാഹീം** | | **അഡ്വ.കെ.രാജു** (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വനം-വന്യജീവി വകുപ്പിലെ വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ ജോലി സമയം എത്രയെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | വനസംരക്ഷണ നിർവ്വഹണത്തിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ ജോലി സമയം /ദിവസം എന്നിവ ക്രമീകരിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത ജീവനക്കാർക്ക് എട്ട് മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുവേണ്ടി സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | (ബി) | വനപാലകരുടെ ജോലി സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം പരിഗണനയിലില്ല. |
| (സി) നിലവിൽ ഇരുപത്തിനാല് മണിക്കൂർ തുടർച്ചയായി ജോലി ചെയ്യേണ്ടി വരുന്ന പ്രസ്തുത ജീവനക്കാർക്ക് ഇതര യൂണിഫോം വിഭാഗം ജീവനക്കാർക്ക് നൽകുന്ന പോലെ ഡ്യൂട്ടി ഓഫ് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | അവധി ദിവസങ്ങളിൽ ജോലി നോക്കുന്ന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഓഫ് ഡേ അലവൻസ്/ഡ്യൂട്ടി ഓഫ് അനുവദിക്കുന്നുണ്ട്. |

Satish

സെക്ഷൻ ഓഫീസർ